DWCD/6214/2022-A2

I/12?045/2023

നം-DWCD/6214/2022-A2

വനിതശിശുവികസന ഡയറക്ടറേറ്റ്.
പൂജപ്പുര, തിരുവനന്തപുരം
തീയതി :18-11-2023
Email -wcdpfms2021@gmail.com
Phone : 0471 – 2346534

**സർക്കുലർ**

വിഷയം: വനിതശിശുവികസന വകുപ്പ്- PFMS - SNA - കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായുള്ള ചെലവുകൾ PFMS പോർട്ടൽ മുഖേന നടത്തുന്നത്- അധിക മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന: 1 വനിതശിശുവികസന ഡയറക്ടറുടെ 26-03-2023 തീയതിയിലെ ഇതേ നമ്പർ സർക്കുലർ

2 വനിതശിശുവികസന ഡയറക്ടറുടെ 30/08/2022 ലെ DWCD/3617/2022-A2 നം സർക്കുലർ.

വനിതശിശുവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി PFMS പോർട്ടൽ മുഖേന ചൈൽഡ് ഏജൻസികൾ ചിലവുകൾ നടത്തുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ നല്കി സൂചന (1) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. 2022- 23 വർഷത്തെ പ്രവർത്തങ്ങൾ വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ഉൾപ്പെടുത്തി സൂചന (1) ലെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് പുറമേ ചുവടെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ കൂടി പുറപ്പെടുവിക്കുന്നു

1. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ എക്സ്പെൻഡിച്ചർ നടത്തുന്നതിനായി പുറപ്പെടുവിക്കുന്ന ഉത്തരവുകളിൽ തുക അനുവദിച്ചിട്ടുള്ള സ്കീം കമ്പോണന്റ്കളിൽ നിന്നും മാത്രമേ തുക ചെലവഴിക്കാൻ പാടുള്ളൂ. നിരവധി ചൈൽഡ് ഏജൻസികൾ സ്കീം കമ്പോണന്റ്കൾ മാറി എക്സ്പെൻഡിച്ചർ നടത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇത്തരത്തിൽ സ്കീം കമ്പോണന്റ് മാറി ചൈൽഡ് ഏജൻസികൾ എക്സ്പെൻഡിച്ചർ നടത്തുവാൻ പാടുള്ളതല്ല.

2. PPA യുക്ക് പുറമേ cheque കൂടി ബാങ്കുകൾക്ക് നൽകി അതിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കപ്പെട്ടതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. PPA / digital signature മുഖേന നടത്തപ്പെടുന്ന ചെലവുകൾ മാത്രമേ PFMSൽ reflect ചെയപ്പെടുകയുള്ളൂ ആയതിനാൽ ചൈൽഡ് ഏജൻസികൾ ജനറേറ്റ് ചെയ്യുന്ന Print Payment Advice നോടൊപ്പം മറ്റ് ഒരു രേഖകളും ഒരു കാരണ വശാലും (Cheque, Certificate, Under taking... etc) ബാങ്കിൽ സമർപ്പിക്കാൻ പാടുള്ളതല്ല.

3. ചില ചൈൽഡ് ഏജൻസികൾ തെറ്റായി/അധികമായി അനുവദിക്കുന്ന തുക ഈടാക്കി അതാതു പദ്ധതികൾക്കായി വനിത ശിശുവികസന ഡയറക്ടറുടെ പേരിൽ ആരംഭിച്ചിട്ടുള്ള SNA accountലേയ്ക്കോ, പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ആരംഭിച്ചിട്ടുള്ള ചൈൽഡ് അക്കൗണ്ടുകളിലേയ്ക്കോ തിരിച്ചടച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ നടത്തുന്ന തിരിച്ചടവ് PFMS ൽ reflect ചെയുകയില്ല ആയതിനാൽ PFMS പോർട്ടൽ മുഖേന vendor/ Beneficiaryയ്ക്ക് തുക അനുവദിക്കുമ്പോൾ തെറ്റ് ഉണ്ടാക്കുന്നില്ലായെന്നു ചൈൽഡ്

DWCD/6214/2022-A2

I/127045/2023

ഏജൻസികൾ (കാര്യാലയ മേധാവി/DDO) ഉറപ്പ് വരുത്തേണ്ടതാണ്. തെറ്റായി claim അനുവദിക്കുന്നത് അനുവദിക്കുന്ന അധികാരിയുടെ വ്യക്തി പരമായ ബാധ്യത ആയിരിക്കും

4. ചില ചൈൽഡ് ഏജൻസികൾ 2022 -23 വർഷത്തെ തുക അഡ്വാൻസ് ആയി മാറി മറ്റ ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിച്ച ശേഷം ഈ സാമ്പത്തിക വർഷത്തിൽ ചെലവുകൾ നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട് . ഈ നടപടി PFMS മാർഗ നിർദേശങ്ങൾക്കും സാമ്പത്തിക അച്ചടക്കത്തിനും വിരുദ്ധമാണ്. ആയതിനാൽ മുൻകൂർ അനുമതിയില്ലാതെ കേന്ദ്രാവിഷ്കൃത പദ്ധതിയ്ക്ക് അനുവദിക്കുന്ന തുകയിൽ നിന്നും impress money / Advance തുക PFMS പോർട്ടൽ മുഖേന പിൻവലിച്ച് സൂക്ഷിക്കുവാൻ പാടുള്ളതല്ല.

5. സൂചന (2) ലെ നിർദേശത്തിനു വിരുദ്ധമായി ചില ചൈൽഡ് ഏജൻസികൾ തുക അനുവദിക്കുന്നതിലേക്ക് അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നില്ലായെന്നും , വൌച്ചറുകൾ /ബില്ലുകൾ എന്നിവ യഥാവിധി PPA കളോടൊപ്പം സൂക്ഷിക്കുന്നില്ലായെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ അനുമതി ഉത്തരവ് കൂടാതെ തുക അനുവദിക്കുവാൻ പാടുള്ളതല്ല. വൌച്ചറുകൾ ബില്ലുകൾ യഥാവിധി PPA കളോടൊപ്പം സൂക്ഷിക്കേണ്ടതുമാണ്

6. Holding Account-ലേയ്ക്ക് നിക്ഷേപിക്കുന്ന തുക ബന്ധപ്പെട്ട ഡിഡക്ഷൻ അക്കൌണ്ടിലേയ്ക്ക് അടയ്ക്കാതെ ഹോൾഡിംഗ് അക്കൌണ്ടിൽ തന്നെ സൂക്ഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹോൾഡിംഗ് അക്കൌണ്ടിലേയ്ക്ക് നിക്ഷേപിക്കുന്ന തുക 10 ദിവസത്തിനുള്ളിൽ തന്നെ ബന്ധപ്പെട്ട ഡിഡക്ഷൻ അക്കൌണ്ടുകളിലേയ്ക്ക് അടയ്ക്കേണ്ടതാണ്. ഇതിൽ വീഴ്ച ഉണ്ടാകരുത്

7. PFMS പോർട്ടൽ മുഖേന തുക അനുവദിക്കുന്നതിനായി Vendor/ Beneficiary അക്കൗണ്ട് നമ്പർ പോർട്ടലിൽ ചേർക്കുന്നതിനു മുൻപായി പ്രസ്തുത അക്കൗണ്ട് IFS Code ഉള്ള ബാങ്കിലേതാണെന്ന് ഉറപ്പുവരുത്തിയിരിക്കണം

8. ചൈൽഡ് ഏജൻസികൾ ആരംഭിച്ചിട്ടുള്ള ഏതെങ്കിലും ചൈൽഡ് ഏജൻസി അക്കൌണ്ട് Dormant/ Inactive ആകുന്ന പക്ഷം കാര്യാലയമേധാവിയുടെ KYC ബാങ്കിൽ നൽകി അക്കൌണ്ട് Update ചെയ്യേണ്ടതാണ്.

9. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി PFMS ൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചൈൽഡ് അക്കൗണ്ടുകളെല്ലാം അതാതു സ്കീമുകളുടെ SNA-03 റിപ്പോർട്ടിൽ ലിസ്റ്റ് ചെയ്തു വന്നിട്ടുണ്ടെന്ന് ബന്ധപ്പെട്ട DDO മാർ ഉറപ്പ് വരുത്തേണ്ടതാണ് . ചൈൽഡ് ഏജൻസിയുടെ പേര് ലിസ്റ്റ് ചെയ്യപ്പെട്ടിട്ടില്ലായെങ്കിൽ PFMS ഡയറക്ടറേറ്റുമായി ബന്ധപ്പെട്ട് ലിസ്റ്റ് ചെയ്യിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

10. ചൈൽഡ് ഏജൻസികൾ PFMS പോർട്ടൽ മുഖാന്തിരം നടത്തുന്ന ചെലവുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിലേക്കായി രജിസ്റ്ററുകളുടെ മാതൃക ഉൾപ്പെടെ ചേർത്ത് സൂചന (2) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ നിരവധി ചൈൽഡ് ചെൽഡ് ഏജൻസികൾ പ്രസ്തുത രജിസ്റ്റർ യഥാസമയം അപ്ഡേറ്റ് ചെയ്ത് സൂക്ഷിക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ചെൽഡ് ഏജൻസികൾ PFMS പോർട്ടൽ മുഖാന്തിരം നടത്തുന്ന ചെലവുകളുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി അപ്ഡേറ്റ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

11. ജില്ലാതല ആഡിറ്റ് വിഭാഗം കീഴ് കാര്യാലയങ്ങളിൽ നടത്തുന്ന പരിശോധന വേളകളിൽ PFMS പോർട്ടൽ മുഖേന ഓരോ ചൈൽഡ് ഏജൻസികളും നടത്തുന്ന എല്ലാ ട്രാൻസാക്ഷനും, രജിസ്റ്റർ സഹിതം പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ആഡിറ്റ്

DWCD/6214/2022-A2

I/127045/2023

റിപ്പോർട്ടിൽ പരാമർശങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്

12. ജില്ലാ തല അവലോകന യോഗങ്ങളിൽ PFMS ഒരു അജണ്ടയായി ഉൾക്കൊള്ളിച്ച് അവലോകനം നടത്തേണ്ടതാണ്

f/s വനിത ശിശുവികസന ഡയറക്ടർ

എല്ലാ വനിത ശിശുവികസന ആഫീസർമാർക്കും

<u>പകർപ്പ്</u>

1. എല്ലാ കീഴ്കാര്യാലയ മേധാവികൾക്കും/DDO മാർക്കും
2. ഡയരക്ടറേറ്റിലെ കേന്ദ്ര പദ്ധതികൾ കൈകാര്യം ചെയ്യുന്ന ആഫീസർമാർക്ക് / സെക്ഷനുകൾക്ക്
3. സെക്ഷൻ/സ്റ്റോക്ക് ഫയൽ/സ്പെയർ.